*Malappuram District Police*

# ആശുപത്രികൾ കേന്ദ്രീകരിച്ച് മോഷണം- പ്രതിക്ക് തടവും പിഴയും



മലപ്പുറം: സംസ്ഥാനത്തുടനീളം വിവിധ ആശുപത്രികളിൽ രോഗികളുടേയും കൂട്ടിരുപ്പ്കാരുടേയും ആഭരണങ്ങൾ, പണം, മൊബൈൽ തുടങ്ങിയ വിലപിടിപ്പുള്ള വസ്തുക്കൾ മോഷണം നടത്തിയതിന് മലപ്പുറം പോലീസ് സ്പെഷ്യൽ സ്ക്വാഡ് അറസ്റ്റ് ചെയ്ത് റിമാൻറ് ചെയ്തിരുന്ന പ്രതിക്ക് ബഹു: മലപ്പുറം ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി തടവും പിഴയും വിധിച്ചു.

മലപ്പുറത്തെ സ്വകാര്യ ആശുപത്രിയിൽ കഴിഞ്ഞ ഡിസംബർ 21-ാം തിയ്യതി രാത്രി ഉറങ്ങുകയായിരുന്ന കുട്ടിയുടെ കഴുത്തിൽ നിന്ന് മാല മോഷ്ടിച്ച കേസിൻെറ അന്വേഷണത്തിനിടെ, വയനാട് കുപ്പാടി പഴേരി സ്വദേശിയും തിരൂർ തൃപ്രങ്ങോട് വിവാഹം ചെയ്ത് താമസിച്ചുവന്നിരുന്നതുമായ കുഞ്ഞിമുഹമ്മദ് എന്നയാളുടെ മകൻ നായ്ക്കന്മാർകുന്ന് വീട്ടിൽ ബഷീർ (40 വയസ്സ്) എന്നയാളെ ഇക്കഴിഞ്ഞ ജനുവരി നാലാം തിയ്യതിയാണ് പോലീസ് അറസ്റ്റ് ചെയ്തത്. ഇയാളെ ചോദ്യം ചെയ്തതിൽ നിന്നും നിരവധി സ്ഥലങ്ങളിൽ നിന്നും ഇത്തരത്തിൽ മോഷണം നടത്തിയതായി വെളിവാകുകയും തൊണ്ടി മുതലുകൾ കണ്ടെടുക്കുകയും ചെയ്തിരുന്നു. മലപ്പുറം വാറങ്കോട്ടെ സ്വകാര്യ ആശുപത്രിയിൽ നടത്തിയ മോഷണക്കേസിലാണ് ഇപ്പോൾ ശിക്ഷിക്കപ്പെട്ടത്.

കേസ് റിപ്പോർട്ട് ചെയ്ത് പത്ത് ദിവസത്തിനകം തന്നെ പ്രതിയെ അറസ്റ്റ് ചെയ്ത് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കാൻ അന്വേഷണസംഘത്തിന് സാധിച്ചതാണ് നാല് മാസത്തിനകം വിചാരണ നടപടികൾ പൂർത്തിയാക്കി പ്രതിയെ ശിക്ഷിക്കുന്നതിന് കാരണമാക്കിയത്.

മലപ്പുറം എസ്.ഐ ബി.എസ്. ബിനുവിൻെറ നേതൃത്വത്തിൽ സ്പെഷ്യൽ സ്ക്വാഡ് അംഗങ്ങളായ എസ്.എ. മുഹമ്മദ് ഷാക്കിർ, എൻ.എം. അബ്ദുല്ല ബാബു എന്നിവരാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. ASI അഷ്റഫ്, സിപിഒ-മാരായ ശർമിള, ബിന്ദു എന്നിവരും അന്വേഷണസംഘത്തിലുണ്ടായിരുന്നു. മറ്റു സ്ഥലങ്ങളിൽ നടത്തിയ മോഷണക്കേസുകളിൽ വിവിധ കോടതികളിൽ വിചാരണ നടന്ന് വരുന്നുണ്ട്.